170/1/NSS/DHSE/2019

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർസെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
31/12/2019

**സർക്കുലർ**

സപ്തദിന സഹവാസ ക്യാമ്പ് ഏറ്റവും ഭംഗിയായി ആസൂത്രണം ചെയ്ത് വിജയകരമായി പൂർത്തീകരിച്ച പ്രോഗ്രാം ഓഫീസർമാർ , പ്രിൻസിപ്പൽമാർ , അദ്ധ്യാപകർ , രക്ഷാകർത്താക്കൾ, വോളന്റിയർമാർ ക്യാമ്പിനായി വിദ്യാലയങ്ങൾ ലഭ്യമാക്കിയ പ്രധാനാദ്ധ്യാപകർ , പി.ടി.എ , മാനേജ്മെന്റ് എന്നിവരെ അഭിനന്ദിക്കുന്നു.

ക്യാമ്പിന്റെ ഭാഗമായി ഏറ്റെടുത്ത അക്ഷരസമൃദ്ധി , ജീവരക്ഷ , ഗാന്ധിസ്മൃതി , സമദർശൻ പ്രവർത്തനങ്ങള് കാലിക പ്രാധാന്യമുള്ളതും തുടർ പ്രവർത്തനം ആവശ്യമാവയുമാണ്. പ്രസ്തുത പ്രവർത്തനങ്ങൾ റഗുലർ ആക്ടിവിറ്റിയിൽ നിശ്ചിത വിഭാഗങ്ങളിൽ ഉൾപ്പെടുത്തി ഫോളോഅപ്പ് ചെയ്യേണ്ടതാണ്.

'അക്ഷരസമൃദ്ധി' പദ്ധതിയിൽ ഏറ്റെടുത്ത പ്രൈമറി വിദ്യാലയങ്ങളിൽതന്നെ യൂണിറ്റുകൾ തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത വിദ്യാലയങ്ങളിൽ നിന്നും അദ്ധ്യാപകർ , വിദ്യാർത്ഥികൾ , രക്ഷാകർത്താക്കൾ മുതലായവരുമായി ആശയ വിനിമയം നടത്തി ചെയ്ത പ്രവർത്തനങ്ങളുടെ വിലയിരുത്തലും തുടർ പ്രവർത്തന സാദ്ധ്യതയും ആരായാവുന്നതാണ്.

പ്രാഥമിക വിദ്യാലയങ്ങളിലും അങ്കണവാടികളിലും നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഒരു ഓൺലൈൻ ലിങ്ക് താഴെ കൊടുക്കുന്നു.

https://forms.gle/cqWq53rxvLysv2ic6

എല്ലാ പി.ഓ മാരും ഈ ലിങ്കിൽ കയറി പ്രവർത്തന വിലയിരുത്തൽ ജനുവരി 5 നകം സമർപ്പിക്കേണ്ടതാണ്. കൂടാതെ ക്യാമ്പ് പ്രവർത്തനങ്ങളുടെ ഫോട്ടോകളും ലഘു വിവരണവും അതാത് ജില്ലാ കൺവീനർമാർക്ക് ജനുവരി 8 നു മുൻപ് വേർഡ് ഫോർമാറ്റിൽ പരമാവധി 5 പേജിൽ ( ഫോട്ടോയടക്കം) സ്കൂളിന്റെ ഔദ്യോഗിക മെയിലിൽ നിന്നും അയക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് പ്രിൻസിപ്പൽ , പി.ഓ , പ്രാഥമിക വിദ്യാലയം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ വാർഡ്മെമ്പർ എന്നിവർ ഒപ്പിട്ട് യൂണിറ്റിൽ ഫയൽ ചെയ്യേണ്ടതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ